

ശിവദാസൻ.എ.കെ

# ചിന്തകളെ പരിമിതപ്പെടുത്തുക എന്ന തെറ്റ്



ഒരു പഴമൊഴിയുണ്ട്. ചിതയും ചിന്തയും ഒരു പോലെയാണെന്ന്. ചിത ജീവനില്ലാത്തതിനെ ദഹിപ്പിക്കുന്നു. ചിന്ത ജീവനുള്ളതിനെയും. I think. There for I Am എന്ന് പ്രസ്താവിച്ച പ്രശസ്ത ചിന്തകരുണ്ട്. ചിന്ത നമ്മെ ദഹിപ്പിച്ചാലും ഇല്ലെങ്കിലും ചിന്തിക്കാതെ നമുക്ക് ജീവിക്കാനാകില്ല. എല്ലാ മനുഷ്യരും ചിന്തിക്കുന്നത് ഒരു പോലെയല്ല. എത്ര കോടി മനുഷ്യരുണ്ടോ അത്രയും ചിന്തകളുണ്ട്. തത്വചിന്തകൾ നേരിട്ട് സാധാരണക്കാരിലേക്കെത്തണമെന്നില്ല. അവ മനനം ചെയ്ത് പ്രയോഗത്തിലെത്തിക്കുന്നത് മറ്റു ചിലരാകാം. ഒരു ഭൗതികശാസ്ത്രനിയമം എങ്ങനെ വാഹനമോടിക്കുമെന്ന് സാധാരണ യാത്രക്കാരന് അറിയണമെന്നില്ല. മാർക്സിന്റെ വൈരുദ്ധ്യാത്മിക ഭൗതിക വാദം തൊഴിലാളി വർഗ്ഗ വിപ്ലവത്തിലെത്തുമ്പോഴെ അതിന്റെ ഒരു ഫലം കാണിക്കുന്നുള്ളൂ. ഇങ്ങനെയാണ് പല തത്വശാസ്ത്രങ്ങളും. എത്ര കോടി മനുഷ്യർ ചിന്തിച്ചാലും ലോകഗതിയെ മാറ്റിമറിയ്ക്കുന്നത് ഏതാനും പേരുടെ ചിന്തകളാണ്.

ചിന്തകൾ നല്ലതോ ചീത്തയോ ആകാം. അതുണ്ടാക്കുന്ന ഫലവും അതു തന്നെ. നല്ല ചിന്തകൾക്ക് മേൽക്കൈ ലഭിക്കുന്ന വ്യക്തിയോ സമൂഹമോ , രാഷ്ട്രമോ എന്തുമായിക്കൊള്ളട്ടെ ഗുണപരമായ ഒരു ദിശയിലാണ് അത് സഞ്ചരിക്കുന്നത്.



ഉന്നതമായ ചിന്തകൾ വംശം, മതം, ഭാഷ, ലിംഗം എന്നിവയ്ക്കെല്ലാം അതീതമായി നിൽക്കുന്നു. എവിടേയും മനുഷ്യന്റെ പൊതുവായ പ്രശ്നങ്ങൾ ഒന്നു തന്നെ എന്ന് അത് തിരിച്ചറിയുന്നു. അതിന്റെ മുഖമുദ്ര അളവറ്റ മാനവീകതയാണ്. പക്ഷേ, പ്രശ്നത്തെ സ്വത്വവത്ക്കരിക്കുന്നവർ പലപ്പോഴും അവയെ ഒരു പ്രത്യേക വിഭാഗത്തിന്റെ കള്ളിയിലേക്കൊതുക്കുന്നു. അവനതിനെ ജാതിയെന്നോ മതമെന്നോ രാഷ്ട്രീയമെന്നോ ഇഷ്ടപ്രകാരം വിളിക്കാം. ഇതിനർത്ഥം പ്രശ്നങ്ങളെ സ്വത്വവത്ക്കരിക്കുന്നത് തെറ്റാണെന്നല്ല. പക്ഷേ പൊതുവായ പ്രശ്നങ്ങളെ സ്വത്വവത്ക്കരിക്കുന്നത് തെറ്റു തന്നെയാണ്. ചിന്തകളെ പരിമിതപ്പെടുത്തലാണ്.

ഐലൻ കുർദി എന്ന ബാലൻ മരിച്ചു കിടക്കുന്ന ചിത്രം ലോകമനസ്സാക്ഷിയെത്തന്നെ പിടിച്ചു കുലുക്കി. അത് ഒരു ഓർമ്മപ്പെടുത്തലാണ്. നമുക്ക് നവമാധ്യമങ്ങളിൽ പോസ്റ്റുചെയ്ത് ദീനാനുകമ്പ വിളംബരം ചെയ്യാനുള്ള തുരുപ്പുചീട്ടു മാത്രമല്ല. എന്തുകൊണ്ടാണ് അഭയാർത്ഥികൾ ഉണ്ടാകുന്നത്? ഈ നാടുകളിൽ സംഭവിക്കുന്നതെന്താണ്? അവിടെയുള്ളവർക്ക് ജീവിക്കാനുള്ള സുഭിക്ഷമായ വിഭവങ്ങൾ അവിടെയുണ്ട്. എന്നിട്ടും ആളുകൾക്ക് അഭയാർത്ഥികളായി ഓടേണ്ടി വരുന്നു. കൊച്ചു കുട്ടികളേയുമെടുത്ത് ഒട്ടും സുരക്ഷിതമല്ലാത്ത യാനങ്ങളിൽ അന്തമില്ലാത്ത കടലിലേക്കോ, മരുഭൂമിയിലേക്കോ ഓടാൻ അവർക്കു മനസ്സു വരുന്നത് അവരുടെ തീരാകഷ്ടപ്പാടു കൊണ്ടാണ്. ഇതിനുത്തരവാദി ആരാണ്? ഏതെങ്കിലും വൻശക്തിരാഷ്ട്രങ്ങളെയോ, പുറത്തുനിന്നുള്ള ഇടപെടലുകളെയോ മാത്രം കുറ്റം പറഞ്ഞൊഴിയാനാകുമോ. നമുക്ക് ഉത്തരവാദിത്വമുണ്ട്. നമുക്ക് ചുറ്റും സംഭവിക്കുന്നത് എന്തെന്ന് അറിയേണ്ടതുണ്ട്. ഛിദ്രശക്തികൾ എവിടേയുമുണ്ട്. അനാവശ്യമായ വിവാദങ്ങളിലൂടെ സ്പർദ്ധ വളർത്തുന്നവർ. വെറുപ്പിന്റെ പ്രത്യയശാസ്ത്രമാണ് അവരുടെ കൈമുതൽ. അവർ സാംസ്കാരികമായ സമന്വയത്തെ എതിർക്കുന്നു. ആളുകളെ പല തട്ടിൽ പല ന്യായങ്ങളിൽ വേർതിരിക്കുന്നു. ഇവരെ തിരിച്ചറിയേണ്ടതുണ്ട്. നമ്മുടെ നിസ്സംഗത നാളെ നമ്മെ ഒരഭയാർത്ഥിയാക്കിയേക്കാം. ഉള്ള കാലത്തോളം നാട്ടിൽ സമാധാനവും സമൃദ്ധിയും ഒരു ശക്തിയും നമുക്ക് വാഗ്ദാനം ചെയ്തിട്ടില്ല. ആ ഉറപ്പ് നമുക്ക് മാത്രമേ കൊടുക്കാനാകൂ എന്നറിയണം.

വിശ്വാസ സംരംക്ഷകരായി വേഷമിടുന്നവർ ചിന്തകളെ എങ്ങനെ പരിമിതപ്പെടുത്തണം എന്ന് വാദിക്കുന്നു. അവർ സാംസ്കാരിക സമന്വയത്തെ എതിർക്കുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ള അബദ്ധജടിലമായ കാര്യങ്ങളെയാണ് അവർ പുനരവതരിപ്പിക്കുന്നത്. അതനുസരിച്ച് ആളുകൾ മാറുകയാണ്. മഹാഗുരുക്കൻമാർ പൊതുസമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ അവരെ അപനിർമ്മാണത്തിനു വിധേയരാക്കുന്നു. വിശ്വാസം സംരക്ഷിക്കാൻ തൊട്ടടുത്തുള്ള സഹോദരനെ അല്ലെങ്കിൽ സഹോദരിയെ സംശയത്തോടെ വീക്ഷിക്കേണ്ടി വരുന്നു. ആളുകളെ കൊന്നും കൊലവിളിച്ചും എന്തിനാണ് ഇങ്ങനെ വിശ്വാസങ്ങൾ സംരംക്ഷിക്കുന്നത്. ദൈവത്തെ നിർവ്വചിക്കുവാൻ എന്തായാലും ബുദ്ധിമാൻമാരെ ചുമതലപ്പെടുത്തുമെന്ന് തോന്നുന്നില്ല. കാരണം ദൈവവും അതിബുദ്ധിയും തമ്മിൽ പൊരുത്തപ്പെടുകയില്ല. ദൈവത്തെ നിർവ്വചിക്കുവാൻ ഏറ്റവും യോഗ്യർ നിഷ്കളങ്കരാണ്. ബുദ്ധിമാൻമാർ ആ പണി ഏറ്റെടുത്തപ്പോഴെല്ലാം ദൈവം തമസ്കരിക്കപ്പെട്ടിട്ടേ ഉള്ളൂ. മനുഷ്യരെ നേർവഴിക്കു നയിച്ച പ്രവാചകരെല്ലാം നിഷ്കളങ്കരായിരുന്നിട്ടുണ്ടാകണം. കാരണം അവരുടെ ബുദ്ധിശക്തിയെക്കുറിച്ചല്ല സ്നേഹത്തെയും സാഹോദര്യത്തെയും കുറിച്ചാണ് നാം ഊറ്റം കൊള്ളുന്നത്. നാം ആരുടെ ചിന്തകളാണ് പങ്കു വെയ്ക്കേണ്ടത്. ആരുടെ ചിന്തകളെയാണ് പിൻതുടരേണ്ടത്. നിഷ്കളങ്കമായ ചിന്തകൾക്ക് കാതോർക്കുക. അവ എങ്ങിനെയാണ് ഒരു പൂവ് വിരിയുന്നതുപോലെ നമ്മെ സുഗന്ധവാഹിയാക്കുന്നത് എന്ന് തിരിച്ചറിയുക.

